(28) കന്നട ഭാഷാന്യൂനപക്ഷത്തോടുള്ള അവഗണന

Dr. A. Subha Rao: Sir, I would like to submit that the Kannada linguistic minorities in Kasargod District are neglected in all fields, educational, cultural, economic and services. Here is pamphlet published by the Government of Kerala, showing the safeguards available to the linguistic minority in Kerala, in 1980, many of the facilities which are supposed to be in existence are really not there now and a large number of directive by way of the Government Orders issued from time to time are observed more in its breach than its implementation. The neglect is very glaring in the educational field in primary, secondary and collegiate and technical education. Sir, hence the employment opportunities for the Kannada linguistic minorities, even for those who belong to Scheduled Caste and Scheduled Tribes, are very limited. Eventhough there is a directive that all important Government notices and rules should be published in the minority language or languages is not implemented. Instructions to have the forms etc. to be used by the Public to be printed in the local language has not followed. Correspondence with the Government Officers in minority language does not find favour in several departments. Many of the officers posted in that area do not know Kannada Language. Posts of which involved a lot of fieldwork and contact with the people, like Panchayat Executive Officers, Village Extention Officers, Multi-purpose Health Workers etc. are filled up with those who do not know the langauge. Publicity materials are not printed in Kannada. There is no representation to the linguistic minorities in the High Level Committee. The direction that only Officers possessing the requisite langauge qualification would be considered for promotion to all executive posts in that area that the predominant language is Tamil or Kannada. Eventhough such Officers may not be eligible for promotion, the order of seniority has not been observed. Recruitments of Kannada knowing L. D. Clerks and Police Constables are not being carried out. So, Sir, there is a general feeling that the minority language is neglected and it is the duty of the Government to take steps to protect their safeguards and interests and create confidence among them.

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ): ഭാഷാന്യൂനപക്ഷങ്ങളെ സംബന്ധിച്ചിടത്തോളം സംരക്ഷണം കൊടുക്കാൻ ആവശ്യമായ നടപടികൾ കാലാകാലങ്ങളിൽ വന്ന ഗവൺമെന്റുകൾ വളരെ താല്പര്യപൂർവ്വം പ്രവർത്തിച്ചിട്ടുണ്ട്. പ്രൈമറി ലവലിലും സെക്കന്ററി ലവലിലും ഒക്കെതന്നെ അതാത് ഭാഷയിൽ ത്രിഭാഷാപദ്ധതിയുടെ ഭാഗമായി കർണ്ണാടകത്തിൽ ആണെങ്കിൽ കന്നട ഭാഷയിൽതന്നെ പഠിപ്പിക്കാൻ ഉള്ള

LIBRARY ARCHIVES Kerala Legislative Assembly

വ്യവസ്ഥയുണ്ട്. സർവ്വീസിലാണെങ്കിൽ അവർക്ക് പബ്ലിക്ക് സർവ്വീസ് കമ്മിഷന് എഴുതുമ്പോൾ കന്നട ഭാഷയിൽ എഴുതാവുന്നതാണ്. അതിനുള്ള ഫോറം കന്നടഭാഷയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഉദ്യോഗസ്ഥന്മാരെ നിയമിക്കുന്ന കാര്യത്തിൽ കന്നടഭാഷ അറിയാവുന്ന ആളുകളെ ആ സ്ഥലത്ത് നിയമിക്കണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്; മാത്രമല്ല വേണ്ടിവന്നാൽ കോൺട്രാക്ട് അപ്പോയിന്റ്മെന്റ് എന്നുള്ളനിലയിൽതന്നെ നടത്താൻ പറഞ്ഞിട്ടുണ്ട്. അവിടത്തെ കളക്ടർ ഭംഗിയായി കന്നട ഭാഷ സംസാരിക്കുന്ന ആളാണ്. ഈ കാര്യത്തിൽ പോരാതെ വരുന്ന നടപടികൾ ഗവൺമെന്റ് സ്വീകരിക്കുന്നതാണ്.

(29) കുട്ടനാട്ടിലെ നെൽകൃഷിക്കാർക്കാവശ്യമായ സഹായം

<u>ശ്രീമതി കെ. ആർ. ഗൗരി</u> : സർ, കഴിഞ്ഞ വെള്ളപ്പൊക്കംമൂലം കുട്ടനാട്ടിൽ രണ്ടാംകൃഷി തുടങ്ങിയതിൽ ഏകദേശം 75,000 ഏക്കറിൽ കൃഷി നടന്നതിൽ ഏതാണ് 5,000 ഏക്കർ ഒഴിച്ച് ബാക്കി 70,000 ഏക്കർ സ്ഥലത്തെ കൃഷിയും നശിച്ചുപോകുകയുണ്ടായി. ഈ കൃഷി നഷ്ടപ്പെട്ടുകഴിഞ്ഞതിനുശേഷം രണ്ടാംകൃഷി തുടങ്ങണമെന്ന് ആവശ്യപ്പെട്ടുകൊണ്ടുള്ള കർഷകതൊഴിലാളികളുടേയും ചെറുകിട കർഷകരുടെയും സമ്മർദ്ദത്തിന്റെ ഫലമായി കഴിഞ്ഞ ദിവസം അഗ്രിക്കൾച്ചറൽ പ്രൊഡക്ഷൻ കമ്മീഷണർ ആലപ്പുഴ കളക്ടറേറ്റിൽ ഒരു കോൺഫറൻസ് വിളിച്ചുകൂട്ടുകയും ആ കോൺഫറൻസിൽ കൃഷിക്കാരനാവശ്യമായിട്ടുള്ള സഹായത്തെക്കുറിച്ചുള്ള ചർച്ചകൾ നടക്കുകയുമുണ്ടായി. ആ ചർച്ചയിൽ ഗവൺമെന്റിന്റെ മനോഭാവം എന്ന നിലയിൽ അഗ്രിക്കൾച്ചറൽ പ്രൊഡക്ഷൻ കമ്മീഷണർ പ്രഖ്യാപിച്ചത് അവിടെ ഈ രണ്ടാം കൃഷി ചെയ്യണോ, രണ്ടാം കൃഷി ചെയ്യാതെ പുഞ്ചക്കൃഷി ചെയ്യുകയല്ലെ നല്ലത് എന്നാണ്. രണ്ടാം കൃഷി ചെയ്യുന്നത് നിരുത്സാഹപ്പെടുത്തിക്കൊണ്ടാണ് അദ്ദേഹം സംസാരിച്ചത്. ആ കോൺഫറൻസിൽ വന്നിച്ച വിഭാഗം പാവപ്പെട്ടവരും ചെറുകിട കൃഷിക്കാരുമായിട്ടുള്ള ആളുകൾ സംബന്ധിച്ചിരുന്നു. വെള്ളപ്പൊക്കം ശമിച്ചതോടുകൂടി സ്വയം ബണ്ട് ഉണ്ടാക്കാനും വീണ്ടും കൃഷി തുടരുന്നതിനുവേണ്ടി പായലെടുക്കാനും മറ്റുമുള്ള നടപടികൾ തുടങ്ങിയ സ്ഥലങ്ങളുമുണ്ട്. ഇന്നത്തെ ഗവൺമെന്റ് നിർദ്ദേശം ഇങ്ങനെ ഒഴുകിപ്പോകുകയും മടവീണുപോകുകയും ചെയ്തതായിട്ടുള്ള ബണ്ടുകൾ മൈനർ ഇറിഗേഷൻ ഡിപ്പാർട്ടുമെന്റ് കെട്ടിക്കൊടുക്കണമെന്നാണ്. ആ ബണ്ടുകൾ കെട്ടിക്കൊടുക്കുന്നതിന് ഇതുവരെ പണമോ എസ്റ്റിമേറ്റോ എടുക്കാത്തതുകൊണ്ട് കൃഷിക്കാർ അതിനുള്ള എസ്റ്റിമേറ്റുകൾ എടുത്ത് അവർതന്നെ ബണ്ട് നിർമ്മിക്കുകയും ചെയ്തു. അങ്ങനെ ബണ്ട് നിർമ്മിക്കാനായി എസ്റ്റിമേറ്റുകൾ എടുത്തു കഴിഞ്ഞു. അവർക്ക് ആവശ്യമായിട്ടുള്ള പണവും മറ്റ് സഹായങ്ങളും കൊടുക്കുന്നതിനുള്ള നടപടികൾ എടുക്കണം. കൃഷിക്ക് വിത്ത് ഇല്ലാതെ വന്നിരിക്കുകയാണ്. കൃഷിക്ക് ഏതാണ്ട് ആറായിരത്തോളം ടൺ വിത്ത് ആവശ്യമാണ്. 1,200 ടൺ മാത്രമേ ഇന്ന് സംഭരിച്ചിട്ടുള്ളു; എന്നാണ് മനസ്സിലാക്കുന്നത്. അതുകൊണ്ട് ഏറ്റവും അടിയന്തിരമായി ആറായിരം ടൺ വിത്ത് സംഭരിച്ച് അവർക്ക് വിതരണം ചെയ്യാനും ആവശ്യമായിട്ടുള്ള നടപടികൾ എടുക്കണം. ഏതാണ്ട് 50,000-ത്തോളം കർഷകത്തൊഴിലാളികൾ ഈ രണ്ടാംകൃഷികൊണ്ട് ജീവിക്കുന്നവരാണ്.

LIBRARY ARCHIVES Kerala Legislative Assembly